# സാമൂഹിക പ്രത്യാഘാത പഠനം

## ഏറ്റുമാനൂർ -വെച്ചൂർ റോഡ് വികസനം

ഓണംതുരുത്ത് വില്ലേജ്, കോട്ടയം താലൂക്ക്, കോട്ടയം ജില്ല

**6.2253 ആർ**

കരട് റിപ്പോർട്ട്

തീയതി 02/12/2024

റിക്വസിഷൻ അധികാരി

പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം)


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്

കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002

ഫോൺ : 0481 2572781, 2573875

E-mail :keralavhs@yahoo.co.in

Web :www.keralavhs.org


ഉള്ളടക്കം

1. ആമുഖം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). പദ്ധതി ബാധിതരുടെ സാമൂഹിക - സാമ്പത്തിക വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

(ബി). പദ്ധതി നിർവ്വഹണ ഘട്ടം

(സി). പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

(ഡി). പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

(ഇ). ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

(എഫ്). സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

(ജി). പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.6. സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

(ബി). സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

(സി). പഠന സമീപനം

(ഡി). നടപടികളും സമയക്രമങ്ങളും

(ഇ). പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

1.8. പദ്ധതി നേരിട്ടല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

1.9. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു

KERALA VHS COLLECTORATE P.O.

സ്വത്തിന്റെയും വിവരണം.
1.10. സാമൂഹിക പ്രത്യാഘാതം
1.11. പ്രത്യാഘാത ലഘൂകരണം
1.12. പ്രത്യാഘാത ലഘൂകരണ നടപടികൾ
1.13. സാമൂഹിക പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം
1.14. സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ
1.15. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

## അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA V H S COLLECTURATE P.O.

# ഏറ്റുമാനൂർ -വെച്ചൂർ റോഡ് വികസനം

**ഓണംതുരുത്ത് വില്ലേജ്, കോട്ടയം താലൂക്ക്, കോട്ടയം ജില്ല**

**6.2253 ആർ**

## അദ്ധ്യായം 1
## പഠന റിപ്പോർട്ട്- രത്ന ചുരുക്കം

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

ഏറ്റുമാനൂർ- വെച്ചൂർ റോഡിന്റെ വികസനത്തിന് വേണ്ടി ഓണംതുരുത്ത് വില്ലേജിലെ പതിനാറ് സർവ്വേ നമ്പരുകളിൽ ഉള്ള സ്വകാര്യ ഭൂമി പ്രാലേൽ പാലം പുതുക്കിപ്പണിയുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വിധേയമാക്കുന്നതിന്റെ ഭാഗമായി, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുനഃസ്ഥാപനം അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ 4(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും, സാമൂഹ്യ പ്രത്യാഘാത പഠനത്തിനായി, കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ഏറ്റുമാനൂർ - വെച്ചൂർ റോഡ് ജില്ലയിലെ പടിഞ്ഞാറൻ പ്രദേശങ്ങളെ കിഴക്ക്- മധ്യ ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രധാന ജില്ലാ റോഡാണ്. തികച്ചും കാർഷിക പ്രദേശങ്ങളിലൂടെ കടന്നു പോവുന്ന റോഡ് ജില്ലയിലെ തിരക്കേറിയ റോഡുകളിൽ ഒന്നാണ്. ഏറ്റുമാനൂർ -വെച്ചൂർ റോഡിലെ സുഗമമായ ഗതാഗതത്തിന് ഏറ്റവും തടസ്സമായി നിൽക്കുന്നത് ഓണംതുരുത്ത് വില്ലേജിലെ പ്രാലേൽ പാലമാണ്. അനേകം വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച ഇപ്പോഴത്തെ പാലം കേവലം നാല് മീറ്ററിൽ താഴെ വീതിയുള്ളതും കൈവരികൾ തകർന്ന് അപകടാവസ്ഥയിൽ ഉള്ളതുമാണ്. ഏറ്റുമാനൂർ പോലീസ് സ്റ്റേഷനിലെ രേഖകൾ പ്രകാരം കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പതിനാറ് അപകടങ്ങൾ ഈ പാലത്തിന്റെ സമീപത്ത് നടന്നിട്ടുണ്ട്. വീതി കൂടിയ ഇരുവശത്തു നിന്നും ഇടുങ്ങിയ പാലത്തിലേക്ക് എത്തുന്നതും പാലം നിലനിൽക്കുന്നിടത്തുള്ള ചെറിയ വളവും ആണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് റോഡ് ഗതാഗതം സുഗമമാക്കുക എന്നതാണ് ഏറ്റുമാനൂർ -വെച്ചൂർ റോഡ് വികസന പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ ലക്ഷ്യം വയ്ക്കുന്നത്. പദ്ധതിയുടെ പൊതുതാൽപര്യ പ്രധാന്യം സംബന്ധമായി പ്രദേശവാസികൾ, ജനപ്രതിനിധികൾ, റോഡ് ഉപഭോക്താക്കൾ എന്നിവർക്ക് ഏകാഭിപ്രായമാണ്. കൂടാതെ കാർഷിക യന്ത്രസാമിഗ്രികളുടെയും വലിയ സ്റ്റോറേജ് വാഹനങ്ങളുടെയും ഗതാഗതത്തിനും പദ്ധതി പ്രയോജനകരമാണ്.

### 1.2. പദ്ധതി പ്രദേശം

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമ പഞ്ചായത്തിൽ ഓണംതുരുത്ത് വില്ലേജിൽ ഉൾപ്പെട്ട ഏറ്റുമാനൂർ - വെച്ചൂർ, പൊതുമരാമത്ത് റോഡിന്റെ ഇരുവശങ്ങളും ഉൾപ്പെടുന്ന പദ്ധതി പ്രദേശം കാർഷിക - താമസ പ്രധാന ഭൂമിയാണ്. റോഡിന്റെ ഇരുവശങ്ങളിലും ഉള്ള പുരയിട ഭൂമിയും അതിനു പുറകിലുള്ള നിലവും ഉൾപ്പെടുന്നതാണ് പദ്ധതി ഭൂമി. താമസ ഭൂമിയുടെ ലഭ്യതക്കുറവ്, പുരയിട ഭൂമിയുടെ വിപണന വില ഗണ്യമായി വർദ്ധിപ്പിക്കുന്നു.



KERAL
COLLECTORATE P.O.

ടൂറിസം വികസനത്തിനോട് അനുബന്ധമായി നിരവധി ഹോം സ്റ്റേകൾ രൂപപ്പെട്ടു വരുന്ന പദ്ധതി പ്രദേശം, നീണ്ടൂർ ജംഗ്ഷനിൽ നിന്നും ആറ് കിലോമീറ്ററും ഏറ്റുമാനൂരിൽ നിന്ന് ഒമ്പത് കിലോമീറ്ററും അകലെ സ്ഥിതിചെയ്യുന്നു. ഏറ്റവും സമീപസ്ഥ വിമാനത്താവളം കൊച്ചിയും, ഏറ്റവും അടുത്ത റെയിൽവേസ്റ്റേഷൻ ഏറ്റുമാനൂരും ആണ്. ജില്ലാ ആസ്ഥാനത്ത് നിന്നും ഉദ്ദേശം പതിനാറ് കിലോമീറ്റർ ദൂരത്താണ് പദ്ധതി ഭൂമി സ്ഥിതി ചെയ്യുന്നത്.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ, കോട്ടയം ഓഫീസാണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

#### (ബി).പദ്ധതി ബാധിതരുടെ സാമൂഹിക - സാമ്പത്തിക വിവരങ്ങൾ

എല്ലാ പദ്ധതി ബാധിതരും മദ്ധ്യ വർഗ്ഗമോ അതിൽ കൂടുതലോ സാമ്പത്തിക സ്ഥിതിയിൽ ഉള്ളവരാണ്. ഏഴ് പദ്ധതി ബാധിതർ വിദേശ ഇന്ത്യക്കാരും മറ്റുള്ളവർ പദ്ധതി പ്രദേശത്തോ ഏതാനും കിലോമീറ്റർ ചുറ്റളവിലോ താമസിക്കുന്നവരുമാണ്. പദ്ധതി ബാധിതരുടെ വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് എല്ലാവരും സാക്ഷരരും, പതിനൊന്ന് പേർ പത്താം തരത്തിലും, അതിനു മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരുമാണ്. ജോലിയുടെ വിതരണം സൂചിപ്പിക്കുന്നത് എല്ലാവരും സ്വകാര്യ മേഖലയിലോ, സ്വയം തൊഴിൽ മേഖലയിലോ ജോലി ചെയ്യുന്നവർ ആണ് എന്നാണ്. ഒരു ഹിന്ദു ആരാധനാലയം ഒഴിച്ച് ബാക്കി എല്ലാവരും ക്രിസ്ത്യൻ മതവിശ്വാസികളാണ്. ഒരാൾ ഒഴിച്ച് എല്ലാവരും പതിനഞ്ച് വർഷത്തിന് മുകളിൽ പദ്ധതി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരാണ്.

#### (സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

ഏറ്റുമാനൂർ-വെച്ചൂർ പൊതുമരാമത്ത് റോഡിൽ പ്രാലേൽ പാലത്തിന് ഇരുവശത്തും നൂറ് മീറ്റർ റോഡിന്റെ ഇരുഭാഗങ്ങളിലുമായി പതിനാറ് സർവ്വേ നമ്പരുകളിൽ പുരയിട നില, ഭൂമികളാണ് പദ്ധതി ഭൂമി. സ്വകാര്യ ഉടമസ്ഥതയിലുള്ള പദ്ധതി ഭൂമി, താമസ പ്രധാനമാണ്. പൊതുമരാമത്ത് റോഡിന്റെ പാർശ്വങ്ങളിൽ ഉള്ള ഭൂമി ആയതിനാൽ എല്ലാ ഭൂമിക്കും റോഡ് മുൻവശം ഉണ്ട്. ചുറ്റുമതിലുകൾ, ഒരു ആരാധനാലയത്തിന്റെ കാണിക്കവഞ്ചി, ഒരു വ്യാപാര സ്ഥാപനത്തിന്റെ മുൻവശത്തെ ഷെഡ് എന്നിവയാണ് പദ്ധതി ഭൂമിയിൽ ഉൾപ്പെട്ടു വരുന്ന ചമയങ്ങൾ. വീടുകളിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങൾ കൂടാതെ രണ്ട് ഇടറോഡുകളിലേക്കുള്ള പ്രവേശന റോഡുകളും പദ്ധതി ഭൂമിയിൽ നിന്നും ആരംഭിക്കുന്നു.

COLLECTORATE P.O.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി - പൊതുമരാമത്തു വകുപ്പ് (നിരത്ത് വിഭാഗം)

കേരള പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ കേരളത്തിലെ 33593 കിലോമീറ്റർ റോഡ് പരിരക്ഷിക്കുന്ന സംസ്ഥാനത്തിന്റെ ഗതാഗത രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന വകുപ്പാണ്. ഇതിൽ 27470 കിലോമീറ്ററും പ്രധാനപ്പെട്ട ജില്ലാ റോഡുകളാണ്. രാജ ഭരണ കാലത്ത് റോഡുകളുടെ വികസനത്തിനുവേണ്ടി സ്ഥാപിതമായ മരാമത്ത് വകുപ്പ് എന്ന് അറിയപ്പെട്ടിരുന്ന വകുപ്പ് അന്ന് തന്നെ 1000 മൈൽ റോഡുകളുടെ വികസനം ലക്ഷ്യം വച്ചിരുന്നു. ഇന്ന് അഞ്ച് ചീഫ് എഞ്ചിനീയറന്മാരുടെ കീഴിൽ 20 സൂപ്രണ്ടിങ്ങ് എഞ്ചിനീയറന്മാരും, 76 എക്സിക്യുട്ടീവ് എഞ്ചിനീയറന്മാരും, 639 അസിസ്റ്റന്റ് എഞ്ചിനീയറന്മാരും മറ്റ് സഹായികളും ഉള്ള ഒരു വലിയ ഉദ്യോഗസ്ഥ ശൃഖംലയാണ്. ഏറ്റുമാനൂർ-വെച്ചൂർ റോഡിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങളുടെ നടപ്പാക്കൽ ഏജൻസിയായി ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത് പൊതു മരാമത്ത് നിരത്ത് വിഭാഗത്തെയാണ്.

(ബി).പദ്ധതി നിർവ്വഹണ ഘട്ടം

പദ്ധതി സംബന്ധമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും ഭൂമിയുടെ രൂപരേഖ തയ്യാറാക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി).പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

ബാധകമല്ല

(ഡി).പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

(ഇ). ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

ബാധകമല്ല

(എഫ്).സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

ബാധകമല്ല

(ജി).പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013 | പ്രത്യാഘാത ലഘൂകരണം |

| | | |
|---|---|---|
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1893<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ പുനരധിവാസവും പുനസ്ഥാപനവും |
| 3 | കേരള തണ്ണീർത്തട സംരക്ഷണ നിയമം | തണ്ണീർത്തടങ്ങൾ വികസന കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് |

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

പഴയ പാലത്തിന്റെ പുനർനിർമ്മാണം ആയത്കൊണ്ട് തന്നെ ബദൽ നിർദ്ദേശങ്ങൾ പ്രായോഗികമല്ല.

### 1.6 സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

ഡി.സി.കെ.റ്റി.എം /12637/2022-ജി2 തീയതി 20, ഒക്ടോബർ 2024, നോട്ടിഫിക്കേഷൻ, കേരള ഗസറ്റ് വിജ്ഞാപനം നമ്പർ 3596 തീയതി 12, നവംബർ 2024 പ്രകാരം, കേരള സർക്കാർ കേരളാ വോളന്ററി ഹെൽത്ത് സർവ്വീസിനെ കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ ഓണംതുരുത്ത് വില്ലേജിൽപ്പെട്ട ഭൂമി ആതായത് ഏറ്റുമാനൂർ-വെച്ചൂർ റോഡ് നിർമ്മാണ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

(ബി).സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 32 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ | 15 വർഷത്തെ പ്രവർത്തന പരിചയം |

| | | | |
|---|---|---|---|
| | | സാമൂഹിക വിവരശേ ഖകൻ | |
| 3. | സ്മിത ആർ | പുനരധിവാസ പുന സ്ഥാപന വിദഗ്ദ, സാമൂഹിക വിവരശേ ഖക | 22 വർഷത്തെ പ്രവർത്തന പരിചയം |
| 4. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 30 വർഷത്തെ പ്രവർത്തി പരിചയം |
| 5. | എം.ഇബ്രാഹിം കുട്ടി | സാമൂഹിക ശാസ്ത്ര ജ്ഞൻ | Rtd. ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ് 35 വർഷത്തെ പ്രവർത്തി പരിചയം |
| 6. | എൻ.വിജയകു മാര പിള്ള | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. റവന്യു ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാണ്ടി | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. വില്ലേജ് ഓഫീസർ |

## (സി).പഠന സമീപനം

ആകെ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത് 6.2253 ആർ ഭൂമിയാണ്. പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, പഞ്ചായത്ത്, എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഓരോ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിച്ച് സാമൂഹിക-സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. പദ്ധതി ബാധിതർക്ക് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശത്ത് കൂടി യാത്രകൾ സംഘടിപ്പിക്കുകയും ഉണ്ടായി. ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

## (ഡി). നടപടികളും സമയക്രമങ്ങളും

12/11/2024-സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

16/11/2024 - സെക്കണ്ടറി വിവര ശേഖരണം

19/11/2024 - പദ്ധതി പങ്കാളികളെ / താൽപര്യമുള്ളവരെ കണ്ടെത്തൽ

25/11/2024 - 'ട്രാൻസിറ്റ്' വോക്ക്, ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ

26/11/2024 -സാമൂഹിക സർവ്വേ

02/12/2024 - കരട് റിപ്പോർട്ട്

**ഇ. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ**

1. സമയബന്ധിതമായ ഭൂമി ഏറ്റെടുക്കൽ പ്രത്യാഘാതം കുറയ്ക്കാൻ സഹായകമാണ്.
2. ഭൂമിയുടെ നഷ്ടപരിഹാരത്തുക ഭൂവുടമകളുമായി കൂടിയാലോചിച്ച് നിശ്ചയിക്കേണ്ടതാണ്.
3. പദ്ധതി രൂപരേഖയും, ലവൽസ് സംബന്ധമായ വിവരങ്ങളും, പദ്ധതി ബാധിതരുമായി പങ്കുവയ്ക്കുകയും അവരുടെ സംശയങ്ങൾ ദൂരീകരിക്കുകയും വേണം.
4. പുനരധിവാസ- പുനർവാസ നടപടികൾ ഭൂമി ഏറ്റെടുക്കലിന് മുമ്പ് നടപ്പിലാക്കണം.
5. ഇപ്പോഴത്തെ പ്രവേശനമാർഗ്ഗങ്ങൾ പൂർണ്ണമായും പുനസ്ഥാപിച്ച് നൽകണം.
6. നഷ്ടപ്പെടുന്ന ഭൂമിക്കും, ചമയങ്ങൾക്കും ന്യായമായ നഷ്ടപരിഹാരം നൽകണം.
7. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ സംബന്ധമായും, നടത്തിപ്പ് സംബന്ധമായും ഉള്ള വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ പദ്ധതിബാധിതരെ അറിയിക്കണം.
8. പുനരധിവാസവും- പുനർവാസവും നടപടികൾ മുൻകൂട്ടി പദ്ധതി ബാധിരെ അറിയിച്ച് അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തണം.

**1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം**

പദ്ധതിയുടെ പൊതുവായ പ്രത്യാഘാതം പ്രോത്സാഹനപരമാണ്. ഏറ്റുമാനൂർ - വെച്ചൂർ റോഡ് ഒരു പ്രധാന ഗതാഗതമാർഗ്ഗമായി മാറും. വാഹനങ്ങളുടെ ആധിക്യം വാണിജ്യ പ്രാധാന്യം വർദ്ധിപ്പിക്കും. എന്നാൽ ഇതോടൊപ്പം മേൽപ്പറഞ്ഞ വർദ്ധിത ഗതാഗതം ഇപ്പോൾ റോഡിന്റെ വശങ്ങളിൽ കഴിയുന്ന ആളുകളുടെ സ്വൈര്യ ജീവിതത്തെ ബാധിക്കുകയും സുരക്ഷിത സൗകര്യം വർദ്ധിപ്പിക്കേണ്ട സാഹചര്യം രൂപപ്പെടുത്തുകയും ചെയ്യും

**1.8. പദ്ധതി നേരിട്ടല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ**

പദ്ധതി നേരിട്ടല്ലാതെ ബാധിക്കുന്ന രണ്ട് വിഭാഗം പദ്ധതി ബാധിതർ ഉണ്ട്. ഒന്ന് പദ്ധതി പ്രദേശത്ത് നിന്നും ആരംഭിക്കുന്ന ഇടറോഡുകൾ ആശ്രയിച്ച് വീടുകളിലേക്ക് എത്തേണ്ടവർ. രണ്ടാമത്തെ വിഭാഗം പദ്ധതിയുടെ പണി നടക്കുന്ന അവസരത്തിൽ ഉണ്ടാവുന്ന ഗതാഗതം തടസ്സപ്പെടുന്നവർ. സമയ ബന്ധിത പദ്ധതി പൂർത്തീകരണത്തിലൂടെ ഇവരുടെ പ്രത്യാഘാതം ലഘൂകരിക്കാൻ സാധിക്കും. കൂടാതെ പദ്ധതി നിർവ്വഹണ സമയത്ത് സർവ്വീസ് റോഡ് സൗകര്യം ലഭ്യമാക്കിയും പ്രത്യാഘാത ലഘൂകരണം സാധ്യമാണ്.

**1.9. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.**

ബാധകമല്ല

KERALA COLLECTORATE P.O.

### 1.10. സാമൂഹിക പ്രത്യാഘാതം

പത്തൊമ്പത് ഭൂഉടമസ്ഥർക്ക് ഭൂമി നഷ്ടവും അതിൽ പന്ത്രണ്ട് പേർക്ക് ചുറ്റുമതിൽ നഷ്ടവും, ഒരാൾക്ക് വ്യാപാര സ്ഥാപന മുൻഭാഗത്തുള്ള ഷെഡിന്റെ നഷ്ടവും, ഒരു ആരാധനാലയത്തിന്റെ കാണിക്കവഞ്ചി നഷ്ടവും ആണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ് ലെവൽസ് ഉയരുമ്പോൾ മൂന്ന് ഭവനങ്ങൾ പ്രവേശന മാർഗ്ഗ തടസ്സം നേരിടാൻ സാധ്യത ഉണ്ട്. കൂടാതെ പദ്ധതി ഭൂമിയിൽ നിന്ന് ആരംഭിക്കുന്ന രണ്ട് ഇടറോഡുകൾ, സർവ്വീസ് റോഡിൽ നിന്ന് ആരംഭിക്കുമ്പോൾ ഉണ്ടാകാവുന്ന തടസ്സങ്ങൾ മുൻകൂട്ടി മനസ്സിലാക്കി നിർമ്മാണ സമയത്ത് പരിഹരിക്കേണ്ടതാണ്. കൂടാതെ മറ്റ് റോഡുകൾ എത്തപ്പെടാത്ത പദ്ധതി പ്രദേശത്ത് ഉള്ള ഭവനങ്ങൾക്ക് പദ്ധതി നിർമ്മാണ സമയത്ത് ഗതാഗത സൗകര്യം ഇല്ലാതാകാൻ സാധ്യത ഉണ്ട്. പദ്ധതിയുടെ പൂർത്തീകരണ ദൈർഘ്യത ഈ പ്രത്യാഘാതത്തിന്റെ വ്യാപ്തി നിർണ്ണയിക്കുന്നതിൽ മുഖ്യ ഘടകമാണ്. പദ്ധതി വളരെ അടുത്തുകൂടി പോകുന്ന ഭവനങ്ങൾക്ക് സുരക്ഷിതത്വ കുറവ് ഉണ്ടാവാൻ സാധ്യതയുണ്ട്.

### 1.11. പ്രത്യാഘാത ലഘൂകരണം

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 3. | കാണിക്ക വഞ്ചിയുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 4. | ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 5. | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 6. | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 7. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |

| | | | |
|---|---|---|---|
| 8. | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

1.12. പ്രത്യാഘാത ലഘൂകങ്ങളും നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകങ്ങളും നടപടികൾ |
|---|---|---|---|---|---|---|---|
| 1. | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 2. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 3. | കാണിക്കവഞ്ചിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 4. | ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | കുറഞ്ഞ | ഓരോ പ്രവേശന മാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 5. | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 6. | നാണ്യ വിളകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുക |
| 7. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തുക. | പോസിറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | മധ്യമം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 8. | പരാതി പരിഹാരം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | മധ്യമം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

1.13. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർമ്മാണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം

| സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തരവാദിത്തം | നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും |
| ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| സ്പെഷ്യൽ തഹസിൽദാർ | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| പൊതുമരാമത്ത് നിരത്ത് വിഭാഗം | നടപ്പാക്കൽ ഏജൻസി |
| ജില്ലാ ഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ |
| കൃഷി ഓഫീസർ | കാർഷിക വിളകളുടെ നഷ്ട പരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പുനരധിവാസവും പുനസ്ഥാപനവും |

### 1.14. സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി- പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ

- ഭൂവുടമകളുടെ ജില്ലാ തല പർച്ചേസിംഗ് കമ്മറ്റി മീറ്റിംഗിൽ ഉള്ള പങ്കാളിത്തം
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം.
- നഷ്ടപരിഹാര വിനിയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

### 1.15. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

പദ്ധതി പ്രദേശത്തെ സംബന്ധിച്ചും ഗതാഗത രംഗത്തെ അടിസ്ഥാന സൗകര്യ വികസനം സംബന്ധമായും പൊതുതാൽപര്യ പ്രധാനമായ പദ്ധതി എന്നുള്ള നിലയിലും പദ്ധതി മൂലം ഉണ്ടാവുന്ന പ്രത്യാഘാതം കേവലം ഭൂമി നഷ്ടത്തിൽ ലഘൂകരിക്കപ്പെടുന്നതിനാലും, പദ്ധതിയുടെ പ്രത്യാഘാതം ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്.
എന്നാൽ പദ്ധതി മൂലം പദ്ധതി ബാധിതർക്ക് നഷ്ടപ്പെടുന്നത് വളരെ താമസ പ്രധാന വാണിജ്യ പ്രധാന ഭൂമി ആണ് എന്നതും ആയത് ബഹുഭൂരിഭാഗം പദ്ധതി ബാധിതർക്കും അവരുടെ താമസഭവനത്തിന്റെ മുൻഭാഗത്തുള്ള ഭൂമിയാണ് എന്നതും, ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ആയതുകൊണ്ട് തന്നെ ന്യായമായ നഷ്ടപരിഹാരം പ്രത്യാഘാത ലഘൂകരണത്തിന് ആവശ്യമാണ്. കൂടാതെ പകുതിയോളം പദ്ധതി ബാധിതർ വിദേശ ഇന്ത്യാക്കാരാണ് എന്നത്, ഭൂമി ഏറ്റെടുക്കൽ സംബന്ധമായ നടപടികളിൽ കൃത്യമായ നിർദ്ദേശങ്ങളും, സമയ ബന്ധിത പ്രവർത്തനങ്ങളും ആവശ്യമാക്കിതീർക്കുന്നു.
ഒരു പദ്ധതി ബാധിതയുടെ വീടിന്റെ വളരെ സമീപത്ത് കൂടെയാണ് പദ്ധതി കടന്നു പോവുന്നത്. വീടിന്റെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്ന നടപടികൾ പ്രവേശനത്തിന് വേണ്ടി സർവ്വീസ് റോഡ് എന്നിവ അത്യാവശ്യ പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങളാണ്.

പലഭവനങ്ങളുടെയും പ്രവേശന മാർഗ്ഗങ്ങളും, രണ്ട് ഇടറോഡുകളും പദ്ധതി ഭൂമിയിൽ നിന്ന് ആരംഭിക്കുന്നു. ഈ പ്രവേശന മാർഗ്ഗങ്ങളെ സുഗമമായി നിലനിർത്തുന്നതിന് ആവശ്യമായ സർവ്വീസ് റോഡുകൾ അത്യാവശ്യമാണ്.

ഇപ്പോൾ പൊതുമരാമത്ത് റോഡുകളുടെ മുൻഭാഗമുള്ള ഭൂമികൾ ഭാവിയിൽ സർവ്വീസ് റോഡുകളുടെ വശങ്ങളിലുള്ള ഭൂമിയായി മാറ്റപ്പെടുമ്പോൾ ഉണ്ടാകാവുന്ന മൂല്യ നഷ്ടവും, നഷ്ട പരിഹാര നിർണ്ണയത്തിൽ പരിഗണിക്കപ്പെടേണ്ടതാണ്.

മേൽപറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം, തുടർന്ന് സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി

നടത്തിപ്പിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടുകളിലൂടെ ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്, എന്നാണ്.

ചെയർമാൻ
സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്

<u>അനുബന്ധരേഖകൾ</u>

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **ഗസറ്റ് നോട്ടിഫിക്കേഷൻ**

## ഏറ്റുമാനൂർ - വെച്ചൂർ റോഡ്
### ഓണംതുരുത്ത് വില്ലേജ്, കോട്ടയം താലൂക്ക്, കോട്ടയം ജില്ല
### (6.2253 ആർ)

### ഭൂമിയിലോ, ചമയങ്ങളിലോ ഉടമസ്ഥാവകാശമുള്ള പദ്ധതിബാധിതർ


| ക്രമ നം. | സർവ്വേ നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 208/2 | പി.ജെ.തോമസ്<br>സൂരജ് തോമസ്<br>വെട്ടിക്കാട്ട് പുരയിൽ<br>നീണ്ടൂർ പി.ഒ<br>(പ്ലാസ ഹോട്ടൽ) | 9447414787 | സ്ഥലം, മതിൽ, ഗെയ്റ്റ് |
| 2 | 208/2 | Late. ജോർജ്ജ് തോമസ്<br>മോൾ ജോർജ്ജ്, തോമസ് ജോർജ്ജ്<br>വെട്ടിക്കാട്ട്<br>നീണ്ടൂർ പി.ഒ | 9930737170<br>9495265209 | വീട്ടിലേക്കുള്ള വഴി |
| 3 | 208/6 | ഐസക് മാത്യു<br>എട്ടുപറയിൽ, നീണ്ടൂർ പി.ഒ | +61424788296<br>+61423485326 | മതിൽ, ഗെയ്റ്റ്, സ്ഥലം |
| 4. | 210/5 | റ്റാജു ലൂക്കോസ്<br>ജെയ്റോഫ് ലൂക്കോസ്<br>പതിയിൽ പ്ലാച്ചേരിയിൽ | 9645858814 | മതിൽ, ഗെയ്റ്റ്, സ്ഥലം |
| 5 | 210/5-1 | എബ്രാഹം തോമസ്<br>പതിയിൽ വീട്<br>നീണ്ടൂർ പി.ഒ | 9645858814 | മതിൽ, ഗെയ്റ്റ് , സ്ഥലം |
| 6 | 208/5 | ലൂക്കോസ് റ്റി.റ്റി.<br>പൂതത്തിൽ (തച്ചേട്ട് പ്രാലേൽ)<br>നീണ്ടൂർ പി.ഒ | 9400910024<br>9446200296 | മതിൽ, ഗെയ്റ്റ് ", മരങ്ങൾ, ചെറിയ മതിൽ |
| 7 | 208/5 | Late. റ്റി. കെ. തോമസ്<br>അവകാശികൾ<br>ലൂക്കോസ് റ്റി.റ്റി.<br>അഡ്വ. റ്റി.റ്റി.എബ്രാഹം<br>സിറിൽ തോമസ് | 9400910024<br><br>7829294102<br>9947252426 | സ്ഥലം, മതിൽ, ഗെയ്റ്റ് |
| 8 | 208/2 | നീണ്ടൂർ കുറ്റിയാനികുളങ്ങര ഭഗവതി ക്ഷേത്രം | 8129104940 | സ്ഥലം, കാണിക്കവഞ്ചി, മതിൽ |

KERAL

| | | | | |
|---|---|---|---|---|
| | | വെയിറ്റിംഗ് ഷെഡ്<br>(തോമസ് ചാണ്ടിക്കുന്നത്ത് മെമ്മോറിയൽ) | | വെയിറ്റിംഗ് ഷെഡ് |
| 9 | 206/3<br>206/7 | ആലീസ് എം.സി, പ്രാലേൽ<br>പുത്തൻപുരയിൽ, ഓണംതുരുത്ത്,<br>നീണ്ടൂർ | 9744965939<br>2355178655 | സ്ഥലം |
| 10 | 232/3-1 | ഷൈജു<br>കുറുപ്പിനകത്ത് ബിൽഡിംഗ് | +1<br>(8329084128)<br>9447420230 | കെട്ടിടം പകുതി ഭാഗം |
| 11 | 232/3-3 | റ്റോമി മാത്യു | 919562371354 | സ്ഥലം |
| 12 | 232/2 | ത്രേസ്യാമ്മ, ഓട്ടപ്പള്ളി മാന്നാനം പി.ഒ | 9188827406<br>9495010494 | സ്ഥലം |
| 13 | 210/6<br>210/7<br>210/8 | ഫാ.ജോസ്, കടവിച്ചിറ, നീണ്ടൂർ പി.ഒ | 9447418252 | സ്ഥലം<br>റോഡിന്<br>ഇരുവശവും<br>സ്ഥലം |
| 14 | 236/5 | മാത്തുകുട്ടി മത്തായി, കടവിച്ചിറ<br>നീണ്ടൂർ പി.ഒ | 8301093749 | മതിൽ, ഗെയ്റ്റ് |
| 15 | 232/3-1 | മാത്യു.വി.എം., വയലികൽ, നീണ്ടൂർ പി.ഒ | 9947113263 | വീട്ടിലേക്കുള്ള വഴി |
| 16 | 232/3-3 | എം.സി.മത്തായി, വയലികൽ, നീണ്ടൂർ പി.ഒ | | ഷീറ്റിട്ട ഭാഗം,<br>കടമുറിയുടെ<br>മുൻവശം സ്ഥലം |
| 17 | 241/1<br>241/2 | Late. തോമസ് എബ്രാഹം<br>സിബിൾ തോമസ്, തറയ്ക്കൽ, നീണ്ടൂർ | 7560889694 | മതിൽ, ഗെയ്റ്റ്<br>സ്ഥലം |
| 18 | 241/7 | ജോസ് തോമസ്<br>തറയ്ക്കൽ, നീണ്ടൂർ | 9447118585 | മതിൽ, ഗെയ്റ്റ്<br>സ്ഥലം |
| 19 | 231/10<br>231/12<br>231/7<br>231/8 | അനി തോമസ്<br>നെടുംതുരുത്തിൽ പുത്തൻപുരയിൽ | 9544834477<br>9495265182<br>(സൈമൺ) | മതിൽ,ഗെയ്റ്റ് |


KERALA V H S
COLLECTORATE P.O.

# PHOTOGRAPHS










©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2024 നവംബർ 12<br>12th November 2024<br>1200 തുലാം 27<br>27th Thulam 1200<br>1946 കാർത്തികം 21<br>21st Karthika 1946 | നമ്പർ<br>No. 3596 |

**FORM No.4**

(see rule 11(3)

NOTIFICATION

DCKTM/12637/2022-G2 20th October 2024

WHEREAS, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose to wit for the land acquisition for the Ettumanoor – Vechoor Road in Kottayam District.

AND WHEREAS , in exercise of the powers conferred in sub-section(1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013(Central Act 30 of 2013) Government of Kerala have decided to conduct a Social Impact Assessment in the area specified in the schedule below.

NOW THEREFORE Sanction is accorded to the District level Social Impact Assessment Unit Kerala Voluntary Health Services,Mulamkuzhy,Collectorate P.O,Kottayam - 686002 to conduct Social

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period 45 days not exceeding six months in any case.

**SCHEDULE**

District–Kottayam

Taluk–Kottayam

Village– Onamthuruthu

(The extent given is approximate)

| Sl. No | Village | Block | Survey No. | Description | Extent in Area (Ares) |
|---|---|---|---|---|---|
| 1 | Onamthuruthu | 1 | 206/3 | Wet land | 0.3067 |
| | | | 206/7 | Wet land | |
| 2 | | | 208/2 | Dry land | 0.56 |
| 3 | | | 208/5 | Dry land | 0.99 |
| 4 | | | 208/6 | Dry land | 1.15 |
| 5 | | | 210/5 | Dry land | 0.29 |
| 6 | | | 210/5-1 | Dry land | 0.55 |
| 7 | | | 210/6 | Dry land | 1.1708 |
| | | | 210/7 | Dry land | |
| | | | 210/8 | Dry land | |
| 8 | | | 232/3-1 | Dry land | 0.325 |
| | | | 232/3-3 | Dry land | |
| 9 | | | 236/5 | Wet land | 0.41 |
| 10 | | | 241/1 | Wet land | 0.1813 |
| | | | 241/2 | Wet land | |
| 11 | | | 241/7 | Wet land | 0.2915 |
| | | | | **Total Extent** | **6.2253** |

(Sd.)

District Collector

Kottayam

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.11.12 04:51:32 +05: